പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ:1174

12.06.2014-ൽ
മറുപടിയ്ക്ക്

## കയർ മേഖലയിലെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികൾ

| ചോദ്യം<br>ശ്രീ.ആർ.ശെൽവരാജ്<br>,, വി.റ്റി.ബൽറാം<br>,, ജോസഫ് വാഴക്കൻ<br>,, പി.എ.മാധവൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർ മേഖലയിലെ ആഭ്യന്തര വിപണിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | എ) കയറുൽപന്നങ്ങളുടെ അഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഏജൻസി ഷോറൂമുകൾ, വിൽപ്പനശാലകൾ എന്നിവ ആരംഭിക്കുന്നതിനും 'കയർ കേരള' പോലുള്ള എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിനും പങ്കെടുക്കുന്നതിനും 'ഒരു വീട്ടിൽ ഒരു കയറുൽപന്നം' പോലുള്ള പരസ്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കയറുമായി ബന്ധപ്പെട്ട വൈവിദ്ധ്യമാർന്ന ഉൽപന്നങ്ങളുടെ അഭ്യന്തര വിപണനം വർദ്ധിപ്പിക്കുവാൻ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയും ഇത്തരത്തിൽ പ്രവർത്തനങ്ങൾ നടത്തുണ്ട്.<br>പഞ്ചായത്തുകളുമായെല്ലാം ബന്ധപ്പെട്ട് ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നു. മറ്റു പൊതു മേഖലാ സ്ഥാപനങ്ങൾ ഗവൺമെന്റിനു കീഴിലുള്ള ആശുപത്രികൾ, ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ എന്നിവ വഴിയും കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നു. |
| ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കയറുത്പാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; | ബി) എക്സിബിഷനുകളിൽ പങ്കെടുക്കുന്ന കയർ മേഖലയിലെ ഉൽപ്പാദകർക്ക് സൗജന്യ നിരക്കിലോ സബ്സിഡി നിരക്കിലോ സ്റ്റാളുകൾ നൽകുന്നു. ബയർ-സെല്ലർ മീറ്റുകൾ കയർമേഖലയിലെ പരസ്യങ്ങൾ എന്നിവ സർക്കാർ ചെലവിലാണ് നടക്കുന്നത്. |

| | |
|---|---|
| | കൂടാതെ കയർഫെഡിന്റെ തെരഞ്ഞെടുക്കപ്പെട്ട ഷോറൂമുകൾക്ക് പുനരുദ്ധാരണ ത്തിന് പ്രോജക്ട് അധിഷ്ഠിത സഹായ വും നൽ കുന്നുണ്ട്. |
| സി) എത്ര കോടി രൂപയുടെ ആഭ്യന്തര വിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | സി) ആഭ്യന്തര വിപണിയിൽ ഏകദേശം 3000 കോടി രൂപയുടെ വിപണി ക ണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) കയറുൽപന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണ ത്തിന് കയർ കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | ഡി) കയർ കോർപ്പറേഷൻ നേരിട്ട് അവരുടെ ഫണ്ടിൽ നിന്നും സഹായ മൊന്നും നൽ കുന്നില്ലെങ്കിലും പരമ്പരാഗത കയർ പായകൾ, ചവിട്ടികൾ എന്നീ ഉല്പന്നങ്ങളോടൊപ്പം പുത്തൻ ശ്രേണി ഉല്പന്നങ്ങളായ റബ്ബർ മോൾഡഡ് കയറുല്പന്നങ്ങൾ, ടഫ്റ്റിംങ്ങ് ഉല്പന്നങ്ങൾ, കയറുല്പന്നങ്ങളെ ആകർഷകമാക്കുന്നതി നുള്ള കയർ പ്രോസസ്സിംഗ് കേന്ദ്രങ്ങൾ ഇതോടൊപ്പം ഉപോൽപ്പന്നങ്ങളായ കയർ പിത്ത് ബ്രിക്കറ്റുകൾ, കയർ കമ്പോ സ്റ്റ് വളം എന്നിവ നിർമ്മിക്കുന്നതിനു മുള്ള പുതിയ ഫാക്ടറി കയർ കോർപ്പറേഷൻ സ്ഥാപിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ